പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 4695 — 26/06/2019- ൽ മറുപടിയ്ക്ക്

## വിഷരഹിത പച്ചക്കറി കൃഷി

| ചോദ്യം<br>ശ്രീ.എം. സ്വരാജ് | ഉത്തരം<br>ശ്രീ. വി.എസ്.സുനിൽ കുമാർ<br>(കൃഷി വകുപ്പ് മന്ത്രി) |
|---|---|
| (എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വിഷരഹിത പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; | (എ) വിഷരഹിത പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുന്നതിനും വ്യാപിപ്പിക്കുന്നതിനുമായി ജൈവകൃഷിയും ഉത്തമ കൃഷി മുറകളും പദ്ധതി നടപ്പിലാക്കി വരുന്നു.<br>**1. ക്ലസ്റ്ററടിസ്ഥാനത്തിലുള്ള ജൈവ കാർഷിക പ്രവർത്തനങ്ങൾ**<br>ജൈവകൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി ക്ലസ്റ്ററടിസ്ഥാനത്തിലുള്ള പ്രവർത്തനങ്ങളാണ് നടത്തി വരുന്നത്. 25 ഹെക്ടർ ഉൾക്കൊള്ളുന്ന ഓരോ ക്ലസ്റ്ററിനും 75000 രൂപയാണ് ധനസഹായമായി നൽകുന്നത്.<br>**2. ഇക്കോഷോപ്പുകൾ**<br>ജൈവ ക്ലസ്റ്ററുകളിൽ ഉല്പാദിപ്പിക്കുന്ന ഉല്പന്നങ്ങൾ, മറ്റ് ഉല്പാദനോപാധികൾ എന്നിവയുടെ വിപണനത്തിനായി ഇക്കോ ഷോപ്പുകൾ പ്രവർത്തിച്ചു വരുന്നു. ഇതുവരെ 241 ഇക്കോഷോപ്പുകൾ സംസ്ഥാനത്ത് ജൈവകൃഷിയും ഉത്തമ കൃഷി മുറകളും പദ്ധതിയ്ക്ക് കീഴിൽ ആരംഭിച്ചിട്ടുണ്ട്.<br>**3. ജൈവ ഉല്പന്നങ്ങളുടെ നേരിട്ടുള്ള വിപണനം**<br>ക്ലസ്റ്ററുകൾ ഉല്പാദിപ്പിക്കുന്ന ജൈവ ഉല്പന്നങ്ങൾ കോർപ്പറേഷൻ, മുനിസിപ്പാലിറ്റികൾ, ജില്ലാ ആസ്ഥാനങ്ങൾ എന്നിവിടങ്ങളിൽ വിപണനം നടത്തുന്നതിന് ഇതിനോടകം 32 നേരിട്ടുള്ള വിപണികൾ നടപ്പിലാക്കിയിട്ടുണ്ട്.<br>**4. കാസർഗോഡ് ജില്ലയിൽ പി.ജി.എസ് സർട്ടിഫിക്കേഷൻ**<br>കാസർഗോഡ് ജില്ലയെ സമ്പൂർണ്ണ ജൈവ കൃഷി ജില്ലയാക്കുന്നതിന്റെ ഭാഗമായി വി.എഫ്.പി.സി.കെ മുഖാന്തിരം പി.ജി.എസ് സർട്ടിഫിക്കേഷൻ നടത്തുന്നു.<br>**5. സമ്പൂർണ്ണ ജൈവ കാർഷിക മണ്ഡലം** |

**അവാർഡ്**

ജൈവ കൃഷി പ്രോത്സാഹിപ്പിക്കുന്നതിനും വ്യാപിപ്പിക്കുന്നതിനുമായി നിയോജക മണ്ഡലം, കോർപ്പറേഷൻ, മുൻസിപ്പാലിറ്റി, ഗ്രാമപഞ്ചായത്ത് എന്നീ തലങ്ങളിൽ മികവിന്റെ അടിസ്ഥാനത്തിൽ അവാർഡുകൾ നൽകുന്നു.

**6. അവശിഷ്ട വിഷാംശ പരിശോധന**

സംസ്ഥാന കൃഷി വകുപ്പ് പഴം-പച്ചക്കറികളിൽ സേഫ് റ്റു ഈറ്റ് എന്ന പദ്ധതി ഘടകം പ്രകാരം വെള്ളായണി കാർഷിക കോളേജിലെ "കീടനാശിനി അവശിഷ്ട വിഷാംശ പരിശോധന" ലാബിൽ കർഷകരുടെ കൃഷിയിടങ്ങൾ, ഇക്കോഷോപ്പുകൾ, മാർക്കറ്റുകൾ എന്നിവിടങ്ങളിൽ നിന്നും പഴം, പച്ചക്കറി സാമ്പിളുകൾ ശേഖരിച്ച് കീടനാശിനി അവശിഷ്ട വിഷാംശ പരിശോധന നടത്തുകയും പരിശോധന ഫലം കേരള സർക്കാരിന്റെ ഔദ്യോഗിക വെബ് പോർട്ടൽ www.kerala.gov.in ലും കേരള കാർഷിക സർവ്വകലാശാലയുടെയും കൃഷി വകുപ്പിന്റെയും വെബ് സൈറ്റുകളിലും പ്രസിദ്ധീകരിക്കുന്നു.

**7. ഫാം സ്കൂൾ & കർഷകർക്കുള്ള പരിശീലനങ്ങൾ**

ജൈവകൃഷി രീതി കൂടുതൽ ഫലപ്രദമായ രീതിയിൽ നടപ്പാക്കുന്നതിനും വ്യാപിപ്പിക്കുന്നതിനും വേണ്ടി ഫാം സ്കൂളുകൾ, കർഷകർക്കുള്ള പരിശീലന പരിപാടികൾ എന്നിവ നടപ്പിലാക്കുന്നതിന് 73 ഫാം സ്കൂളുകൾ സംസ്ഥാനത്തുടനീളം പ്രവർത്തിച്ചു വരുന്നു.

**8. സീറോ ബഡ്ജറ്റ് നാച്ചുറൽ ഫാമിംഗ്**

"സീറോ ബഡ്ജറ്റ് നാച്ചുറൽ ഫാമിംഗ്" എന്ന പുതിയ കൃഷി രീതി കർഷകരിലേയ്ക്ക് എത്തിക്കുന്നതിനും അതിലൂടെ സുസ്ഥിര കൃഷി ചെലവു കുറഞ്ഞ രീതിയിൽ നടപ്പാക്കുന്നതിനും കർഷകരെ സജ്ജമാക്കുന്നതിന് സീറോ ബഡ്ജറ്റ് നാച്ചുറൽ ഫാമിംഗിന്റെ പ്രയോക്താവായ പത്മശ്രീ. സുഭാഷ് പലേക്കറിനെ ഉൾപ്പെടുത്തി ശില്പശാല സംഘടിപ്പിച്ചു.

**9. പരമ്പരാഗത കൃഷി വികാസ് യോജന (പി.കെ.വി.വൈ)**

60:40 അനുപാതത്തിൽ കേന്ദ്ര,സംസ്ഥാന ഫണ്ടുകൾ ഉപയോഗിച്ച് ജൈവകൃഷി വ്യാപനം നടത്തുന്ന കേന്ദ്രാവിഷ്കൃത പദ്ധതിയാണിത്.

(ബി) ഇതിലൂടെ എന്തുമാത്രം നേട്ടം ഉണ്ടായെന്ന് അറിയിക്കുമോ;

(ബി)

- ഉത്തമ കൃഷി മുറകൾ പാലിച്ച് കൊണ്ട് പഴം , പച്ചക്കറി കൃഷി 31,195 ഹെക്ടർ

സ്ഥലത്ത് ജൈവ കൃഷി വ്യാപിപ്പിച്ചു.

- നെൽകൃഷിയിൽ ഉത്തമ കൃഷി മുറകൾ പാലിച്ച് ആലപ്പുഴ, കോട്ടയം, പത്തനംതിട്ട ജില്ലകളിൽ കുട്ടനാട് മേഖലയിൽ 27,750 ഹെക്ടർ പാടശേഖരത്ത് ജൈവ നെൽ കൃഷി വ്യാപിപ്പിച്ചു.
- ജൈവ ക്ലസ്റ്ററുകളിൽ ഉല്പ്പാദിപ്പിക്കുന്ന ഉൽപ്പന്നങ്ങൾ , മറ്റ് ഉല്പാദനോപാധികൾ എന്നിവയുടെ വിപണനത്തിനായി 241 ഇക്കോഷോപ്പുകൾ പ്രവർത്തിച്ചു വരുന്നു.
- ക്ലസ്റ്ററുകൾ ഉല്പാദിപ്പിപ്പിക്കുന്ന ജൈവ ഉല്പന്നങ്ങൾ കോർപ്പറേഷൻ മുനിസിപ്പാലിറ്റികൾ , ജില്ലാ ആസ്ഥാനങ്ങൾ എന്നിവിടങ്ങളിൽ വഴി നേരിട്ട് വിപണനം നടത്തുന്നതിന് 32 വിപണികൾ നടപ്പിലാക്കി.
- ഉല്പാദിപ്പിക്കുന്ന പഴം-പച്ചക്കറികൾ ഗുണനിലവാരം ഉറപ്പാക്കി കേരള ഓർഗാനിക് എന്ന ബ്രാൻഡിൽ ഇക്കോ ഷോപ്പുകൾ നേരിട്ടുള്ള വിപണികൾ മുഖേന വിപണനം നടത്തി വരുന്നു.
- കാസർഗോഡ് ജില്ലയെ സമ്പൂർണ്ണ ജൈവകൃഷി ജില്ലായാക്കുന്നതിന്റെ ഭാഗമായി വി.എഫ്.പി.സി.കെ. മുഖാന്തിരം പി.ജി.എസ്. സർട്ടിഫിക്കേഷൻ 3000 ഹെക്ടർ സ്ഥലത്ത് നൽകി.
- ജൈവകൃഷി രീതി കൂടുതൽ ഫലപ്രദമായ രീതിയിൽ നടപ്പാക്കുന്നതിനും വ്യാപിപ്പിക്കുന്നതിനും വേണ്ടി ഫാം സ്കൂളുകൾ കർഷകർക്കുള്ള പരിശീലന പരിപാടികൾ എന്നിവ നടപ്പിലാക്കുന്നതിന് 73 ഫാം സ്കൂളുകൾ സംസ്ഥാനത്തുട നീളം പ്രവർത്തിച്ചുവരുന്നു.
- സംസ്ഥാന കൃഷി വകുപ്പ് പഴം-പച്ചക്കറികളിൽ സേഫ് റ്റു ഈറ്റ് എന്ന് പദ്ധതി ഘടകം പ്രകാരം വെള്ളാണിക്കര (തൃശ്ശൂർ) പടന്നക്കാട് കാർഷിക കോളേജ് (കാസർഗോഡ്) '' കീടനാശിനി അവശിഷ്ട വിഷാംശ പരിശോധന '' ലാബ് പ്രവർത്തിക്കുന്നു. പൊതു ജനങ്ങളെ അറിയിക്കുന്നതിനായി പരിശോധന ഫലം കേരള സർക്കാരിന്റെ ഔദ്യോഗിക വെബ് പോർട്ടൽ <u>www.keala.gov.in</u> - ലും കേരള കാർഷിക സർവ്വകലാശാലയുടേയും കൃഷി

വകുപ്പിന്റെയും വെബ്സൈറ്റിലും പ്രസിദ്ധീകരിക്കുന്നു. കീടനാശിനി അവശിഷ്ട പരിശോധന സംബന്ധിച്ച് ഇതുവരെ 45 പരിശോധനാ ഫലങ്ങൾ വെബ്സൈറ്റിൽ പ്രസിദ്ധപ്പെടു ത്തിയിട്ടുണ്ട്.

(സി) ഇതിലേക്കായുള്ള പദ്ധതികൾ വിപുലീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ;വിശദാംശം അറിയിക്കുമോ?

(സി) സ്വീകരിച്ചു വരുന്നു. ജൈവകൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി ക്ലസ്റ്ററടിസ്ഥാന ത്തിലുള്ള പ്രവർത്തനങ്ങൾക്കായി നടപ്പ് സാമ്പത്തിക വർഷം 200 ക്ലസ്റ്ററുകൾ ഉൾപ്പെടുത്തി 5000 ഹെക്ടർ സ്ഥലത്ത് ജൈവ കൃഷി വ്യാപിപ്പിക്കുന്നതിനുള്ള പദ്ധതി ആസൂത്രണം ചെയ്തിട്ടുണ്ട്. പുതിയ 15 ഇക്കോ ഷോപ്പുകൾ ആരംഭിക്കുന്നതിനും മുൻ വർഷം സ്ഥാപിച്ച ഇക്കോഷോപ്പുകൾക്ക് റിവോൾവിംഗ് ഫണ്ട് നൽകുന്നതിനുള്ള പദ്ധതികൾ ആസൂത്രണം ചെയ്തിട്ടുണ്ട്. കാസർഗോഡ് ജില്ലയെ സമ്പൂർണ്ണ ജൈവകൃഷി ജില്ലയാക്കുന്നതിന്റെ ഭാഗമായി പി.ജി.എസ്. സർട്ടിഫിക്കേഷൻ നടത്തുന്നതിന് നടപ്പ സാമ്പത്തിക വർഷം 25.00 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. അവശിഷ്ട വിഷാംശ പരിശോധന ലാബുകൾക്കായി നടപ്പ് സാമ്പത്തിക വർഷം വിവിധ പ്രവർത്തനങ്ങൾക്കായി 50.00 ലക്ഷം രൂപയുടെ പദ്ധതികൾ ആസൂത്രണം ചെയ്തിട്ടുണ്ട്. സീറോ ബഡ്ജറ്റ് നാച്ചറൽ ഫാമിംഗ് എന്ന കൃഷി രീതി കർഷകരിലേക്ക് എത്തിക്കുന്നതിനായി നടപ്പ് സാമ്പത്തിക വർഷം 15.00 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. പഴം പച്ചക്കറികളിലെ VFPCK യും SHG യും വഴിയുള്ള ജൈവ സർട്ടിഫിക്കേഷന് 91.86539 ലക്ഷം രൂപയുടെ പദ്ധതികൾ ആസൂത്രണം ചെയ്തിട്ടുണ്ട്. പരാമ്പരാഗത കൃഷി വികാസ് യോജന (PKVY) പദ്ധതി പ്രകാരം 110 ക്ലസ്റ്ററുകൾ രൂപീകരിച്ച് 2200 ഹെക്ടർ സ്ഥലത്ത് ജൈവ കൃഷി വ്യാപിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ പ്രാരംഭ ഘട്ടത്തിലാണ്.

Sreelatha

**സെക്ഷൻ ഓഫീസർ**